(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

സഹകരണ ജീവനക്കാർക്ക് പെൻഷൻ

*3 [486] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) എന്നുമുതൽ സർവ്വീസിലുണ്ടായിരുന്നവരെയും എന്നുമുതൽ റിട്ടയർ ചെയ്തവരെയുമാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ജീവനക്കാർക്ക് പെൻഷൻ നൽകിക്കൊണ്ടുള്ള പദ്ധതി നിലവിൽ വന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) പ്രാഥമിക സഹകരണ സംഘത്തിൽ നിന്നും 1-1-1974 മുതൽ റിട്ടയർ ചെയ്തവരും ജീവിച്ചിരിക്കുന്നവരും ആയവരെയാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) നിലവിൽ വന്നിട്ടുണ്ട്.

ഹാർഡ്വെയർ-സോഫ്റ്റ്വെയർ ഉല്പന്നങ്ങളുടെ കയറ്റുമതി

*4 [487] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ:
,, സി. പി. മുഹമ്മദ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഐ. ടി.-യുമായി ബന്ധപ്പെട്ട രംഗങ്ങളിൽ എത്രമാത്രം വികസനം ഉണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത വികസനം സോഫ്ട്വെയർ-ഹാർഡ്വെയർ വ്യവസായങ്ങളിൽ ഒരുപോലെ ഉണ്ടായിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ വർഷം ഹാർഡ്‌വെയർ-സോഫ്ട്‌വെയർ ഗണങ്ങളിൽപ്പെട്ട ഉല്പന്നങ്ങളുടെ എന്തു തുകയ്ക്കുള്ള കയറ്റുമതി സംസ്ഥാനത്തുനിന്ന് ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻഫോസിസ്, ടി. സി. എസ്., മെക്കിൻസി തുടങ്ങി പല പ്രമുഖ കമ്പനികളും സംസ്ഥാനത്ത് മുതൽ മുടക്കുകയോ, മുതൽ മുടക്കാൻ തയ്യാറാകുകയോ ചെയ്തിട്ടുണ്ട്. ഏകദേശം 80-ഓളം കമ്പനികൾ ഐ.ടി. മിഷന്റെ കീഴിലുള്ള നിക്ഷേപ പ്രോത്സാഹന സെല്ലിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഐ. ടി. കേരള 2002 എന്ന പേരിൽ ഒരു ആഗോള ഐ. ടി. പ്രദർശനം ടെക്നോപാർക്കിൽ നടത്തി. കേരളത്തിലെ ഏറ്റവും വലിയ ഐ. ടി. കെട്ടിടമായ ഭവാനിയുടെ ഉദ്ഘാടനം തിരുവനന്തപുരം ടെക്നോ പാർക്കിൽ നിർവ്വഹിച്ചു. കൊച്ചിയിൽ 2 ലക്ഷം ചതുരശ്ര അടിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏറ്റവും അധികം തൊഴിൽ സാദ്ധ്യതകൾ നൽകുന്ന ITES രംഗത്ത് 13-ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഐ. ടി. സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനായി ഒരു ബൃഹത് പദ്ധതിയായ "അക്ഷയ" ബഹുമാനപ്പെട്ട രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുകയും പദ്ധതിയുടെ പൈലറ്റ് പ്രൊജക്ട് മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഈ പദ്ധതി അടുത്ത രണ്ട് വർഷത്തിനുള്ളിൽ മറ്റു ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ടെക്നോ പാർക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ 15 കമ്പനികൾ അവയുടെ വ്യവസായം വിപുലീകരിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ ഐ. ടി. വ്യവസായത്തിന്റെ മൊത്തം തുകയായ 1185 കോടി രൂപയിൽ ഹാർഡ്‌വെയർ മേഖലയുടെ പങ്ക് 420 കോടി രൂപയാണ്. സംസ്ഥാനത്ത് ഹാർഡ്‌വെയർ മേഖലയ്ക്ക് വിപണി ഉണ്ടാക്കുന്നതിനും ഹാർഡ്‌വെയർ വ്യവസായത്തിന് ആവശ്യമായ പ്രോത്സാഹനം നൽകാനും പരിപാടി ഉണ്ട്. ഈ സാഹചര്യത്തിൽ ഹാർഡ്‌വെയർ മേഖലയിൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ വികസനം ത്വരിതപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സോഫ്ട്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കമ്പനികളിൽ നിന്നും ഹാർഡ്‌വെയർ-സോഫ്ട്‌വെയർ ഗണങ്ങളിൽപ്പെട്ട ഉല്പന്നങ്ങളുടേതായി ഈ വർഷം 175 കോടി രൂപയ്ക്കുള്ള കയറ്റുമതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 14 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടെക്നോ പാർക്കിലെ 40 കമ്പനികളിൽ ഹാർഡ്‌വെയർ-സോഫ്ട്‌വെയർ മേഖലകളിൽ നിന്നുമായി 117.68 കോടി രൂപയുടെ കയറ്റുമതി ഉണ്ടായിട്ടുണ്ട്. ഇതുൾപ്പെടെ സംസ്ഥാനത്തുനിന്നും കഴിഞ്ഞ വർഷം മൊത്തം 600 കോടിയോളം രൂപയുടെ കയറ്റുമതി ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly